**പതിനാലാം കേരള നിയമസഭ**

ഒന്നാം സമ്മേളനം

നക്ഷത്രചിഹ്നമിടാത്ത നിയമസഭാ ചോദ്യം നമ്പർ.896 | 11.07.2016-ൽ മറുപടിയ്ക്ക്

## റവന്യൂ വകുപ്പിൽ ഇ-ഗവേണൻസ്

| ചോദ്യം | മറുപടി |
|---|---|
| **ശ്രീ.കെ.മുരളീധരൻ**<br>**,, അടൂർ പ്രകാശ്**<br>**,, വി.ഡി.സതീശൻ**<br>**,, വി.എസ്.ശിവകുമാർ** | **ഇ. ചന്ദ്രശേഖരൻ**<br>**റവന്യൂവും ഭവനനിർമ്മാണവും വകുപ്പുമന്ത്രി** |

(എ) സംസ്ഥാനത്ത് റവന്യൂ വകുപ്പിൽ ഇ-ഗവേണൻസ് പദ്ധതി നടപ്പിലാക്കിയിട്ടുണ്ടോ;

(എ) ഉണ്ട്.
ലാന്റ് റവന്യൂ വകുപ്പിൽ ഇ-ഗവേണൻസ് നടപ്പിലാക്കുന്നതിന്റെ ഭാഗമായി വിവര സാങ്കേതിക വിദ്യയുടെ സഹായത്തോടെ താഴെപ്പറയുന്ന പദ്ധതികൾ ആവിഷ്കരിച്ചിട്ടുള്ളതാണ്.

- ഇ-ഡിസ്ട്രിക്റ്റ്
- ഓൺലൈൻപോക്കുവരവ് (റെലിസ്),
- ഇ-പെയ്മെൻറ്. സിസ്റ്റം.
- ഇ-ഓഫീസ്.
- ആർ.ആർ. ഓൺലൈൻ.
- വെർച്വൽ ഐ.റ്റി.കേഡർ

(ബി) പ്രസ്തുത പദ്ധതി വഴി എന്തെല്ലാം ലക്ഷ്യങ്ങളാണ് കൈവരിക്കാൻ ഉദ്ദേശിക്കുന്നതെന്ന് വിശദീകരിക്കാമോ;

(ബി) ആധുനിക വിവരസാങ്കേതിക വിദ്യയുടെ സഹായത്തോടെ റവന്യൂ വകുപ്പിൽ നിന്നുമുള്ള സേവനങ്ങൾ പൊതുജനങ്ങൾക്ക് വേഗത്തിലും സുതാര്യമായും ഗുണമേൻമയോടും കൂടി ലഭ്യമാക്കുക എന്നതാണ് ഇ-ഗവേണൻസ് പദ്ധതി നടപ്പിലാക്കുന്നതിലൂടെ പ്രധാനമായും ലക്ഷ്യ മിടുന്നത്. ഇ-ഗവേണൻസ് പദ്ധതികൾ മൂലം റവന്യൂ ഭരണം കൂടുതൽ കാര്യക്ഷമമാക്കുന്നതിനും സാധിക്കുന്നതാണ്.

(സി) എന്തെല്ലാം സേവനങ്ങളാണ് ഇതുവഴി ജനങ്ങൾക്ക് ലഭ്യമായിട്ടുള്ളതെന്ന് വ്യക്തമാക്കാമോ;

(സി) അനുബന്ധം -1 ആയി ചേർക്കുന്നു

| | | |
|---|---|---|
| (ഡി) | ഇതിനായി ഭരണതലത്തിൽ എന്തെല്ലാം നടപടികളാണ് കൈക്കൊണ്ടതെന്ന് വിശദമാക്കാമോ ? | (ഡി) |

- സ.ഉ.(പി)നം.24/2010/ഐറ്റിഡി തീയതി 04.08.2010 പ്രകാരം ഓൺലൈൻ വഴി നൽകുന്ന സർട്ടിഫിക്കറ്റുകൾ ആധികാരികമാക്കിയിട്ടുണ്ട്.
- 17.10.2015 ലെ സ.ഉ.(കൈ.)നം.575/ 2015/ആർഡി പ്രകാരം സംസ്ഥാനമൊട്ടാകെ സംയോജിത ഓൺലൈൻ പോക്കുവരവ് നടപ്പിലാ- ക്കുന്നതിന് സർക്കാർ തീരുമാനിച്ചിട്ടുണ്ട്.
- സ.ഉ. (കൈ.)നം.117/16/ആർഡി തീയതി 16.02.16 പ്രകാരം ഓൺലൈൻ പോക്കുവരവ് നടപ്പിലാക്കുന്ന എല്ലാ വില്ലേജുകളിലും ഓൺലൈൻ ടാക്സ് പെയ്മെൻറ് സിസ്റ്റം മുഖേന ഭൂനികുതി സ്വീകരിക്കുന്നതിന് അനുമതി നല്കിയിട്ടുണ്ട്.
- സ.ഉ. (കൈ.)നം.22/2015/ഐറ്റിഡി തീയതി 16.07.2015 പ്രകാരം 20 കോടിരൂപ ചെലവിൽ ലാന്റ് റവന്യൂ വകുപ്പിൽ ഇ-ഓഫീസ് സംവിധാനം കേരള സ്റ്റേറ്റ് ഐ.റ്റി.മിഷൻ മുഖേന നടപ്പിലാക്കുന്നതിനുള്ള ഭരണാനുമതി ലഭിച്ചിട്ടുണ്ട്.
- ഇ-ഗവേണൻസ് പദ്ധതി- കളുടെ കാര്യക്ഷമമായ നടത്തിപ്പിനായി 02.06.2015 ലെ സ.ഉ. (കൈ.)നം.220/ 2015/ആർഡി പ്രകാരം വെർച്ചൽ ഐ.റ്റി.കേഡറും വകുപ്പിൽ രൂപീകരിച്ചിട്ടുണ്ട്.
- ലാന്റ് റവന്യൂ വകുപ്പിൽ ഇ-ഗവേണൻസ് സമയബന്ധിതമായി പൂർത്തീകരിക്കുന്നതിന് ജില്ലാ തലത്തിൽ ജില്ലാ ഐ.റ്റി സെല്ലുകളും സംസ്ഥാനതലത്തിൽ സ്റ്റേറ്റ് ഐ.റ്റി സെല്ലും പ്രവർത്തിക്കുന്നുണ്ട്.

സെക്ഷൻ ഓഫീസർ

അനുബന്ധം – 1

- ~~ഇ-ഡിസ്ട്രിക്ട്~~ ഇ - ഡിസ്ട്രിക്ട്

അപേക്ഷകന് എപ്പോഴും, എവിടെനിന്നു(Anytime Anywhere) വേണമെങ്കിലും സർട്ടിഫിക്കറ്റുകൾക്ക് ഓൺലൈനായി അപേക്ഷിക്കുകയും ലഭ്യമാകുകയും ചെയ്യുന്ന സംവിധാനമാണ് ഇ - ഡിസ്ട്രിക്ട് പദ്ധതിയിലൂടെ ലക്ഷ്യമിട്ടിട്ടുള്ളതും നടപ്പിലാക്കിവരുന്നതും. ഓൺലൈൻ ആയി വില്ലേജ് ഓഫീസർക്ക്/തഹസിൽദാർക്ക് എത്തുന്ന അപേക്ഷകൾ പരിശോധിച്ച ശേഷം ഡിജിറ്റൽ ഒപ്പോടുകൂടിയ സർട്ടിഫിക്കറ്റുകൾ അനുവദിച്ചു നൽകുന്നു. പദ്ധതി വഴി റവന്യൂ വകുപ്പിൽ നിന്നും നൽകുന്ന 24 ഇനം സർട്ടിഫിക്കറ്റുകൾ ഓൺലൈനായി നൽകി വരുന്നു.

- **ഓൺലൈൻ പോക്കുവരവ് (റെലിസ്)**

ആധുനിക വിവര സാങ്കേതിക വിദ്യയുടെ സഹായത്തോടെ വസ്തുവിന്റെ പോക്കുവരവ്/ജമമാറ്റം നടപടികൾ വേഗത്തിലും, സുതാര്യമായും, കുറ്റമറ്റ രീതിയിലും നടപ്പിലാക്കുകയും ഏകോപിപ്പിക്കുകയും ചെയ്യുക എന്ന ഉദ്ദേശ്യലക്ഷ്യത്തോടുകൂടിയാണ് ഓൺലൈൻ പോക്കുവരവ് പദ്ധതി നടപ്പിലാക്കിവരുന്നത്. നിലവിലെ സംവിധാനം അനുസരിച്ച് പോക്കുവരവ് ചെയ്യുന്നതിനുള്ള കാലതാമസവും യഥാവിധി പോക്കുവരവ് നടക്കാതെയും, നടത്താതെയും ഉണ്ടാകുന്ന ബുദ്ധിമുട്ടുകളും ജനങ്ങൾക്ക് ഓൺലൈൻ പോക്കുവരവ് മുഖേന പരിഹരിച്ചുകിട്ടുകയും, വില്ലേജ് റിക്കാർഡുകളിൽ കൃത്യമായ രേഖപ്പെടുത്തലുകൾ ഉണ്ടാവുകയും ചെയ്യുന്നു. മാത്രമല്ല, സർക്കാർ ഭൂമി യാതൊരു കാരണവശാലും കൈമാറ്റം ചെയ്യപ്പെടുന്നില്ല എന്നുറപ്പാക്കുന്നതിനും പോക്കുവരവുകളും, രജിസ്റ്റർ ചെയ്ത ആധാരങ്ങളുടെ സമയബന്ധിതമായ ജമമാറ്റവും ബന്ധപ്പെട്ട ഉദ്യോഗസ്ഥരുടെ ശ്രദ്ധയിൽ നിന്നോ, നിരീക്ഷണത്തിൽ നിന്നോ മാറിപ്പോകാതിരിക്കുന്നതിനും ഈ സംവിധാനം ഉതകുന്നതാണ്. പോക്കുവരവ് അനുവദിച്ച വിവരവും അധികമായ പ്രമാണങ്ങൾ ആവശ്യമുണ്ടെങ്കിൽ അക്കാര്യവും അപേക്ഷകനെ എസ്.എം.എസ് വഴി അറിയിക്കുന്നതിനുള്ള സംവിധാനവും സോഫ്റ്റ് വെയറിൽ ഉൾപ്പെടുത്തിയിട്ടുണ്ട്.

- **ഇ - പെയ്മെന്റ് സിസ്റ്റം**

ഓൺലൈൻ പോക്കുവരവ് സംവിധാനം നടപ്പിലാക്കുന്ന വില്ലേജുകളിൽ ഭൂനികുതി ഓൺലൈനായി അടയ്ക്കുന്നതിനുള്ള സൗകര്യം കൂടി നടപ്പിൽ വരുത്താൻ

ഉദ്ദേശിക്കുന്നുണ്ട്. ഈ പദ്ധതി പൂർത്തീകരണത്തിലെത്തുന്നതോടെ പൊതുജനങ്ങളിൽ നിന്നും സർക്കാരിലേക്ക് പിരിഞ്ഞുകിട്ടേണ്ട ഭൂ നികുതി ഒരു വ്യക്തിക്ക് സ്വന്തം കമ്പ്യൂട്ടറിന്റെ / മൊബൈൽ ഫോണിന്റെ സഹായത്താൽ വീട്ടിലിരുന്നുതന്നെ ഒടുക്കാൻ കഴിയുന്നതാണ്. തുടക്കത്തിൽ ഭൂനികുതി മാത്രമാണ് ഈ സംവിധാനം വഴി അടയ്ക്കുവാൻ സാധിക്കുക എങ്കിലും സമീപഭാവിയിൽത്തന്നെ വില്ലേജ് ഓഫീസിലേക്ക് പിരിഞ്ഞുകിട്ടേണ്ട മറ്റു നികുതികളും ഈ സംവിധാനം വഴി അടയ്ക്കുവാൻ സാധിക്കുന്നതാണ്.

- **ഇ ഓഫീസ്**

റവന്യൂ വകുപ്പിനു കീഴിലുളള പ്രധാന ഓഫീസുകൾ തമ്മിലുള്ള കത്തിടപാടുകൾ പൂർണ്ണമായും ഇലക്ട്രോണിക് രീതിയിലേക്ക് മാറ്റിയെടുക്കുക എന്ന ഉദ്ദേശ്യത്തോടുകൂടി നാഷണൽ ഇ ഗവേണൻസ് പദ്ധതിയുടെ ഭാഗമായ ഇ ഓഫീസ് സംവിധാനം ലാന്റ് റവന്യൂ കമ്മീഷണറേറ്റിലും 14 ജില്ലാ കളക്ട്രേറ്റുകളിലും 21 റവന്യൂ ഡിവിഷണൽ ഓഫീസുകളിലും 75 താലൂക്ക് ഓഫീസുകളിലും ഘട്ടം ഘട്ടമായി നടപ്പിലാക്കാൻ തീരുമാനിച്ചിട്ടുണ്ട്. ഇ ഓഫീസ് സംവിധാനം നടപ്പിലാകുന്നതോടുകൂടി ടി ഓഫീസുകളിലെ ഫയൽ പ്രോസസിംഗ് പൂർണ്ണമായും ഇലക്ട്രോണിക് രീതിയിലേക്ക് മാറുന്നതാണ്.. ഇത് കൂടുതൽ കാര്യക്ഷമതയും സുതാര്യതയും ഉറപ്പു വരുത്തും.

- **ആർ.ആർ.ഓൺലൈൻ**

റവന്യൂ റിക്കവറി കൂടുതൽ കാര്യക്ഷമമാക്കുന്നതിനായി നിലവിലുള്ള ഓഫ്ലൈൻ ഓൺലൈൻ സംവിധാനങ്ങൾ സംയോജിപ്പിച്ച് റികിസിഷൻ ഓഫീസ് മുതൽ വില്ലേജ് തലം വരെ ബന്ധിപ്പിക്കുന്ന പുതിയ ഓൺലൈൻ സംവിധാനം തയ്യാറാക്കുന്ന ജോലികൾ അവസാന ഘട്ടത്തിലാണ്. പദ്ധതി നടപ്പിലാക്കുന്നതോടുകൂടി അർത്ഥനാധികാരികൾക്ക് റവന്യൂ റിക്കവറി സംബന്ധിച്ച വിവരങ്ങൾ നേരിട്ട് രേഖപ്പെടുത്തുവാനും ജില്ലാ, താലൂക്ക് അധികാരികൾക്ക് ഓൺലൈനായി റവന്യൂ റിക്കവറി സംബന്ധിച്ച നടപടികൾ സ്വീകരിക്കുവാനും കഴിയും. അതോടൊപ്പം വില്ലേജ് ഓഫീസർക്ക് കളക്ഷൻ സംബന്ധിച്ച വിവരങ്ങൾ നേരിട്ട് ഈ സംവിധാനത്തിൽ ഉൾപ്പെടുത്തുന്നതിനും കഴിയുന്നതാണ്. കൂടാതെ റവന്യൂ റിക്കവറി ഡി.സി.ബി റിപ്പോർട്ട് ഈ സംവിധാനത്തിൽത്തന്നെ ലഭ്യമാകുകയും ചെയ്യും.

- **വെർച്വൽ ഐ.റ്റി. കേഡർ**

റവന്യൂ വകുപ്പിൽ ആസൂത്രണം ചെയ്യുന്ന ഇ ഗവേണൻസ് പദ്ധതികൾ ജില്ലാതലത്തിൽ വിജയകരമായി നടപ്പിലാക്കുന്നതിനായി ജീവനക്കാരെ തെരഞ്ഞെടുത്ത് പരിശീലനം നൽകി നിയോഗിക്കുക എന്നതാണ് ഇതുകൊണ്ടുദ്ദേശിക്കുന്നത്.

02.06.2015 ലെ G.O. (Ms) No. 220/2015/RD പ്രകാരം വകുപ്പിൽ വെർച്ചൽ ഐ.റ്റി. കേഡർ രൂപീകരിച്ചിട്ടുണ്ട്. ഓരോ ജില്ലയിലും രണ്ട് ഉദ്യോഗസ്ഥരെ വീതം വെർച്ചൽ ഐ.റ്റി. കേഡറിൽ ഉൾപ്പെടുത്തി ആവശ്യമായ പരിശീലനം നൽകിയിട്ടുണ്ട്.

സെക്ഷൻ ഓഫീസർ